# പതിനഞ്ചാം കേരള നിയമസഭ
## നാലാം സമ്മേളനം

# സഭാദ്ധ്യക്ഷന്റെ പ്രധാന തീരുമാനങ്ങൾ

## (2022 മാർച്ച് 11)

നിയമസഭാദ്ധ്യക്ഷൻ
ശ്രീ. എം. ബി. രാജേഷ്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
(എഡിറ്റിംഗ് ബ്രാഞ്ച്)
തിരുവനന്തപുരം

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

(2022 മാർച്ച് 11)

## സഭാദ്ധ്യക്ഷന്റെ പ്രധാന തീരുമാനങ്ങൾ

### സാമ്പത്തിക അവലോകനം സമർപ്പിക്കാത്തത് സംബന്ധിച്ച്

2022 മാർച്ച് 11-ാം തീയതി 2022-2023 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിന്റെയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണത്തിനുമുമ്പായി, സംസ്ഥാനത്തിന്റെ പൊതു ധനസ്ഥിതി, ബഡ്ജറ്റിലെ നയസമീപനങ്ങൾ, പദ്ധതികളുടെ മുൻഗണന എന്നിവയെക്കുറിച്ച് പ്രീ ബഡ്ജറ്റ് ചർച്ച നടത്തുന്നതിന് 'സാമ്പത്തിക അവലോകനം' മുൻകൂട്ടി ലഭ്യമാക്കണമെന്ന് പ്രതിപക്ഷനേതാവ് ക്രമപ്രശ്നത്തിലൂടെ ആവശ്യപ്പെടുകയുണ്ടായി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി+.

സാമ്പത്തിക അവലോകനം ഭരണഘടനാ/സഭാചട്ട പ്രകാരം കൃത്യമായ സമയപരിധിക്കുള്ളിൽ സഭയിൽ സമർപ്പിച്ചിരിക്കേണ്ട ഒരു സ്റ്റാറ്റ്യൂട്ടറി രേഖയായിട്ടല്ല പരിഗണിക്കപ്പെട്ടുവരുന്നത്. ഈ വർഷം സഭയുടെ നടപ്പുസമ്മേളനത്തിനിടയ്ക്ക് പതിനാല് ദിവസത്തെ

+ XVKLA/IV Session Vol.187 Report No.6 dated 11-02-2022

ഇടവേളയുണ്ടായതുകൊണ്ടാണ് 2021-ലെ സാമ്പത്തിക അവലോകനം ബഡ്ജറ്റ് അവതരണത്തിന് മുന്നോടിയായി സഭയുടെ മേശപ്പുറത്തുവയ്ക്കാൻ കഴിയാതിരുന്നത്. ഇക്കാര്യത്തിൽ ചട്ടവിരുദ്ധമായി ഒന്നുമുണ്ടായിട്ടില്ല. സാമ്പത്തിക അവലോകനം പോലൊരു സുപ്രധാനരേഖ ഔപചാരികമായി സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിനും അംഗങ്ങൾക്ക് കോപ്പികൾ ലഭ്യമാക്കുന്നതിനുംമുമ്പ് സഭയ്ക്ക് പുറത്ത് പ്രസിദ്ധീകരിക്കുന്നതിനോട് ചെയറിന് യോജിപ്പില്ലാതിരുന്നതിനാലാണ് സഭയുടെ മേശപ്പുറത്ത് വച്ചതിനുശേഷം പ്രസിദ്ധീകരിക്കാനുള്ള തീരുമാനം കൈക്കൊണ്ടത്. ഇന്ന് ബഡ്ജറ്റിനോടൊപ്പമാണ് ഈ രേഖ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ലഭ്യമാകുന്നതെങ്കിൽപ്പോലും നാളെയും അതിനടുത്ത ദിവസവും സഭാ സമ്മേളനമില്ലാത്ത സാഹചര്യത്തിൽ ബഡ്ജറ്റിനെ സംബന്ധിച്ച് തിങ്കളാഴ്ച മുതൽ നടക്കുന്ന പൊതുചർച്ചയിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് സാമ്പത്തിക അവലോകനത്തിലെ ഉള്ളടക്കം വിശദമായി പഠിക്കുവാൻ വേണ്ടത്ര സമയം ലഭ്യമാകും. ഭാവിയിൽ ഇതൊരു കീഴ്വഴക്കമായി മാറുന്നതിനോട് യോജിക്കുന്നില്ല. ഈ സാഹചര്യത്തിൽ ക്രമപ്രശ്നത്തിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള കാര്യങ്ങൾ തീർപ്പാക്കിയതായി റൂൾ ചെയ്യുന്നു.

***********